പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2539 | 14.12.2015 -ൽ മറുപടിക്ക്

## സ്വകാര്യ മെഡിക്കൽ ലാബുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>,, കെ. രാജു :<br>,, ഇ. കെ. വിജയൻ :<br>ശ്രീമതി. ഗീതാ ഗോപി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യ മെഡിക്കൽ ലാബുകളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത ലാബുകളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ ; | (ബി) ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്ന സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ, ജനറ്റിക് ക്ലിനിക്കുകൾ തുടങ്ങിയവ എല്ലാ ജില്ലകളിലും ഒരേ ദിവസം പരിശോധിച്ച് ഗുണനിലവാരം, ശുചിത്വം, ഉദ്യോഗസ്ഥരുടെ യോഗ്യത തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമെങ്കിൽ നിയമ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) സംസ്ഥാനത്ത് ആകെ എത്ര ലാബുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇതിൽ ദേശീയ നിലവാരത്തിൽ അക്രഡിറ്റേഷൻ ഉള്ളവ എത്ര ; | (സി) സ്വകാര്യ ലാബുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായതിനാൽ സ്വകാര്യ ലാബുകൾ സംബന്ധിച്ച വിവരം ഈ വകുപ്പിൽ ക്രോഡീകരിച്ചിട്ടില്ല. |
| (ഡി) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് മെഡിക്കൽ ലബോറട്ടറികൾ തുടങ്ങാൻ അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) സ്വകാര്യ പരിശോധനാ ലാബുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. |

P. [signature]

സെക്ഷൻ ഓഫീസർ